# 2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലമക്കുന്ന് മാപ്പിള LPS

# മമ്മാക്കുന്ന് മാപ്പിള L P S

ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ ലക്ഷ്യത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും പൊതു വിദ്യാഭ്യാസത്തിലൂടെ നേതുലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി ചില പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടതുണ്ട്. മമ്മാക്കുന്ന് മാപ്പിള എൽ. പി. സ്കൂളിൽ പഠനം പൂർത്തിയാക്കുന്ന മുഴുവൻ കുട്ടികളെയും നല്ല വായനക്കാരായും അക്ഷരത്തെറ്റില്ലാതെ, അക്ഷരസ്ഫുടതയോടെ വായിക്കാനും അക്ഷരത്തെറ്റില്ലാതെ ആത്മവിശ്വാസത്തോടെ തന്റെ ആശയങ്ങൾ താളുകളിലേക്ക് എഴുതാനും പ്രകടിപ്പിക്കാനും, പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കാനും, പഠനവൈകല്യങ്ങൾ ഉള്ള കുട്ടികളെ അവർക്ക് ഏത് മേഖലയാണെന്ന് അനുയോജ്യമായതെന്ന് കണ്ടെത്തി അതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്ന പഠനപ്രവർത്തനങ്ങൾ അല്ലെങ്കിൽ പഠനതന്ത്രങ്ങളാണ് ചുവടെ കൊടുക്കുന്നത്.

- സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികളെയും നല്ല വായനക്കാരാക്കുക. അമ്മവായന പ്രോത്സാഹിപ്പിച്ച് അതിലൂടെ കുട്ടികളെയും വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തുക.
- സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമായി ഉപയോഗിക്കൽ

- സ്കൂളിൽ അനുവദിച്ചിട്ടുള്ള പ്രൊജക്ടർ, ICT എന്നിവയുടെ കാര്യക്ഷമമായ ഉപയോഗം
- വ്യത്യസ്ത ഭാഷാവ്യവഹാരങ്ങൾക്ക് ഊന്നൽ നൽകി അതിനനുസരിച്ചിട്ടുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികൾക്ക് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകൽ.
- കുട്ടികളുടെ സർഗ്ഗാത്മക വാസനകൾ ഉണർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകി 'ഒരുകുട്ടിക്ക് ഒരു മാസിക' പ്രവർത്തനം.
- കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിന് ആദ്യപടിയിൽ 'ഒരുവർഷക്കാലം' തുടർന്ന് ഒരു ശാസ്ത്ര മാസിക തയ്യാറാക്കൽ.
- ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമാക്കുക. ഗണിതകേളികൾക്ക് പ്രാധാന്യം നൽകുക.
- ആരോഗ്യം, കായികം, മനോഭാവം വളർത്തൽ തുടങ്ങിയ വിഷയങ്ങൾക്ക് മുൻഗണനനൽകി പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം.
- നിർമ്മാണപ്രവർത്തനങ്ങൾക്ക് ക്ലാസ്മുറിയിൽ അവസരം.
- അദ്ധ്യാപക-രക്ഷകർതൃ ബന്ധം കൂടുതൽ ദൃഢമാക്കുക.
- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുക.
- പിന്നിലവാരക്കാരെ ഉയർന്ന തലത്തിലെത്തിക്കുക.
- സ്കൂൾ അക്കാദമികപ്രവർത്തനങ്ങൾ സമൂഹത്തിനിടയിലേക്ക് അവതരിപ്പിക്കുക.
- ഇംഗ്ലീഷ് കോർണർ, രൂപീകരിക്കുക.

# മമ്മാക്കുന്ന് മാപ്പിള എൽ.പി. സ്കൂൾ – നിലവിൽ

മമ്മാക്കുന്ന് മാപ്പിള എൽ.പി. സ്കൂളിൽ നിലവിൽ പ്രീ-പ്രൈമറി ഉൾപ്പെടെ, 1 മുതൽ 4 വരെ കുട്ടികൾ അധ്യയനം നടക്കുന്നു. ശ്രീമതി. അമൃത ടീച്ചറാണ് സ്കൂളിലെ പ്രധാനാധ്യാപിക. അറബിക് ടീച്ചറുൾപ്പെടെ അഞ്ച് അധ്യാപകരും രണ്ട് പ്രീ-പ്രൈമറി അധ്യാപകരുമുണ്ട് സ്കൂളിൽ. 6 ക്ലാസ്മുറികളും കമ്പ്യൂട്ടർ ക്യാബിനും ഓഫീസ്മുറിയും കിണറും നവീന രീതിയിലുള്ള പാചകപ്പുരയും ടോയ്‌ലറ്റും വിശാലമായ wash basin ഉം കളിസ്ഥലവുമുണ്ട് സ്കൂളിൽ. നിലവിൽ 1 മുതൽ 4 വരെ ക്ലാസുകളിലായി 47 കുട്ടികളും പ്രീ-പ്രൈമറി വിഭാഗത്തിൽ നിന്ന് 27 കുട്ടികളും സ്കൂളിൽ അധ്യയനം നടത്തുന്നു. സ്കൂളിന്റെ മുക്കാൽ ഭാഗവും കുട്ടികൾക്ക് വെയിലിൽ നിന്നും മഴയിൽ നിന്നും സംരക്ഷണം നൽകുന്നതിനു വേണ്ടി ഷീറ്റ് ഇട്ടിട്ടുണ്ട്. സ്കൂളിന്റെ മുൻവശം മതിൽകെട്ടി സൗന്ദര്യവത്കരണം നടത്തിയിട്ടുണ്ട്. മുൻവർഷത്തേക്കാൾ സ്കൂളിന്റെ ഭൗതികസാഹചര്യം ഉയർന്നുവന്നതിനാൽ സ്കൂളിന്റെ അന്തരീക്ഷത്തിനുതന്നെ മാറ്റമുണ്ടായിട്ടുണ്ട്. സ്കൂൾ ലൈബ്രറി, വായനാമൂല, ICT പഠനം (Play box) എന്നിവ പരമാവധി ഉപയോഗിക്കുന്നുണ്ട്. ദിവസേന പത്രവും, തത്തമ്മ(ബാലമാസിക)യും സ്കൂളിൽ വരുത്തുന്നുണ്ട്. കുട്ടികളിൽ വിവിധ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിനു വേണ്ടി ഹരിതക്ലബ്ബ്, ശുചിത്വ ക്ലബ്ബ്, സുരക്ഷാക്ലബ്ബ്, വിദ്യാരംഗം കലാസാഹിത്യവേദി എന്നിവയും രൂപീകരിച്ചിട്ടുണ്ട്. അധ്യാപകർ കൃത്യമായി

പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും അതിലൂടെ നേടിയെടുത്ത പുത്തൻ അറിവുകൾ പരമാവധി സ്കൂൾ പാഠ്യപ്രവർത്തനങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ പഠനസമയം നഷ്ടപ്പെടുത്താതിരിക്കാൻ സമയ ക്രമീകരണം നടത്തിയിട്ടുണ്ട്. എല്ലാ ക്ലാസിലും ഫാൻ, ലൈബ്രറി സംവിധാനം, ശിശുസൗഹൃദ ഇരിപ്പിടം, ഗണിത മൂല എന്നിവയും ഒരുക്കിയിട്ടുണ്ട്. 2024 - 25 അധ്യയനവർഷത്തിൽ രണ്ട് കുട്ടികൾ LSS വിജയികളായിട്ടുണ്ട്. 2024 - 25 അക്കാദമിക വർഷത്തിൽ നടന്ന സബ്ജില്ലാതല അറബിക് കലോത്സവത്തിൽ മയ്യാക്കുന്ന് മാപ്പിള എൽ. പി. സ്കൂൾ മൂന്നാംസ്ഥാനം ഓവറോൾ കിരീടം കരസ്ഥമാക്കി. പ്രവൃത്തിപരിചയമേള, ശാസ്ത്രമേള എന്നിവയിലും മികച്ച പ്രകടനം സ്കൂളിനു കാഴ്ചവെക്കാൻ കഴിഞ്ഞു. കൂടാതെ അൽമാഹിർ സ്കോളർഷിപ്പും സ്കൂളിനു നേടിയെടുക്കാൻ കഴിഞ്ഞു. ആധുനികരീതിയിലുള്ള ക്ലാസ്മുറികളും കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ ഡൈനിങ് ഹാളും സ്കൂളിൽ തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുന്നതിനും സുരക്ഷിതമായി തിരിച്ച് വീടുകളിലെത്തിക്കാനും സ്വന്തമായി ഒരു വാഹനവും സ്കൂളിനുണ്ട്.

പൊതു വിദ്യാഭ്യാസം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സ്കൂളിലെ മുഴുവൻ അധ്യാപകരും ഒരുപോലെ ശ്രമിക്കുന്നുണ്ട്.

2025-26 അക്കാദമിക വർഷത്തിലൂടെ കുട്ടികൾ നേടിയെടുക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ

- ഭാഷ, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ കുട്ടികൾക്ക് താല്പര്യം ജനിപ്പിക്കൽ.
- അക്ഷരത്തെറ്റില്ലാതെ, അക്ഷര സ്ഫുടതയോടെ വായിക്കാനും എഴുതാനുമുള്ള കഴിവ്
- മികച്ച വായനക്കാരാക്കുക
- സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും സ്വതന്ത്ര രചനയിൽ ആത്മവിശ്വാസം വളർത്തൽ
- പ്രാദേശികമായ പഠനവിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് പ്രാദേശിക അറിവ് നേടൽ.
- ഗണിതക്കേളികളിലേർപ്പെട്ടുകൊണ്ട് യുക്തിചിന്ത, അന്വേഷണ മനോഭാവം എന്നിവ വളർത്തൽ.
- ചതുഷ്ക്രിയകളുടെ ഫലവത്തായ ഉപയോഗം.
- ഇംഗ്ലീഷ് രചനകളിൽ താല്പര്യം ജനിപ്പിക്കൽ
- രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ.
- 'നല്ല ചിന്ത, നല്ല പ്രവൃത്തി, നല്ല വിദ്യാഭ്യാസം' ആശയം കൈവരിക്കൽ.
- സാമൂഹിക തിന്മകളെ കുറിച്ച് അവബോധം സൃഷ്ടിക്കൽ.
- ലഹരിവിരുദ്ധപ്രവർത്തനങ്ങളിലേർപ്പെട്ടുകൊണ്ട് 'ലഹരിയല്ല ജീവിതം' എന്ന ധാരണ ഉറപ്പിക്കൽ.

- കുട്ടികളിൽ സഹകരണമനോഭാവം വളർത്തൽ
- ചിട്ടയായ സാമ്പത്തിക അച്ചടക്കം പരിശീലിപ്പിക്കൽ.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് അനുയോജ്യമായ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കൽ.
- പരിസരമലിനീകരണത്തിനെതിരെ പ്രതികരിക്കാനുള്ള മനോഭാവം വളർത്തൽ.
- 'ഡ്രൈ ഡേ' ആചരിക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിയൽ; ആശയം പ്രചരിപ്പിക്കൽ.
- പൊതുവിദ്യാലയം, പൊതുവിദ്യാഭ്യാസം എന്ന ധാരണ, എല്ലാവർക്കും വിദ്യാഭ്യാസത്തിന് അവകാശമുണ്ടെന്ന ധാരണ.
- കുട്ടികളുടെ അവകാശങ്ങളെ കുറിച്ചുള്ള ധാരണ.
- പൊതുമുതൽ സംരക്ഷിക്കണമെന്ന ധാരണ.
- നിർമാണ പ്രവർത്തനങ്ങളിലേർപ്പെടാനുള്ള മനോഭാവം വളർത്തൽ.
- ജൈവ വൈവിധ്യ ഉദ്യാനം രൂപീകരിക്കണം
- ചുമർ ചിത്രരൂപീകരണം നടത്തണം

## പഠനപ്രശ്നങ്ങൾ - ഗണിതം

- ഗണിതക്രിയകൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ
- ഒരു സംഖ്യയെ കൂട്ടങ്ങളാക്കി വെക്കാനുള്ള കഴിവില്ലായ്മ
- സ്ഥാനവിലയ്ക്കനുസരിച്ച് സംഖ്യകളെ ക്രമീകരിക്കുമ്പോൾ ഉണ്ടാകുന്ന തെറ്റുകൾ
- വിവിധ രൂപങ്ങൾ തിരിച്ചറിയാനുള്ള കഴിവ് ജനിപ്പിക്കൽ
- യുക്തിചിന്ത വളർത്തുന്നതിനും അന്വേഷണാത്മക പ്രവർത്തനങ്ങളിൽ താല്പര്യം ജനിപ്പിക്കൽ
- സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ.
- ചതുഷ്ക്രിയകൾ പ്രയോഗിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ.
- ഗണിതവിഷയത്തിൽ താല്പര്യക്കുറവ്.

ഉപ മേഖല: ഗണിതം

| Sl നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് | ക്ലാസ് |
|---|---|---|---|---|---|---|
| | • സംഖ്യാബോധം ഉറപ്പിക്കൽ<br>• സ്ഥാനവിലകൾക്കനുസരിച്ച് സംഖ്യകളെ ക്രമീകരിക്കൽ.<br>• സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും തിരിച്ചറിയൽ.<br>• ചതുഷ്ക്രിയകൾ തിരിച്ചറിയൽ – യോജിച്ച ക്രിയകൾ തെരഞ്ഞെടുക്കൽ. | • മുത്തുകൾ എണ്ണാം<br>• മാലകോർക്കാം.<br>• എണ്ണിയെടുക്കാം<br>• ബാഡ്ജ് അണിയിക്കാം.<br>• കൂട്ടുകാരെ കണ്ടെത്താം<br>• അക്കചിത്രങ്ങൾ രൂപീകരിക്കാം<br>• അബാക്കസ്, സ്ഥാനവില ബ്ലോക്കുകൾ എന്നിവയിൽ സംഖ്യകൾ ക്രമീകരിക്കൽ<br>• ഗണിതവുമായി ബന്ധപ്പെട്ട മാഗസിൻ നിർമാണം.<br>• ഡൈസുകളുടെ നിർമാണം. | | | | 1 to 4 |

| | |
|---|---|
| ഗണിതമൂല്യ ദൃഢീകരിക്കൽ. ഗണിത വിഷയത്തോട് താല്പര്യം ജനിപ്പിക്കൽ. | • സംഖ്യാ വ്യാഖ്യാനം<br>• പ്രശ്നാപഗ്രഥനചോദ്യങ്ങളുടെ പ്രശ്നപരിഹാരണം<br>• ഗണിത ചിന്തകന്മാരുടെ ഫോട്ടോ പ്രദർശനം, ഫോട്ടോ ശേഖരണം.<br>• പതിപ്പ് തയ്യാറാക്കൽ<br>• ഗണിതക്വിസ്<br>• കുസൃതിചോദ്യങ്ങൾ<br>• eg : കിട്ടൻ തേങ്ങ പറിച്ചു. സാവിത്രി കണ്ടു. എങ്കിൽ തേങ്ങ എത്ര ? |

വിഷയം ; മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| • | പ്രാദേശികമായ നാനാർത്ഥങ്ങൾ ഉൾപ്പെടുത്തുക. | വിവിധ മേഖലകളിൽ പ്രശസ്തരായ ചുറ്റുപാടുകളുള്ള ആളുകളെ ഉൾപ്പെടുത്തി അഭിമുഖസംഭാഷണത്തിനുള്ള അവസരമൊരുക്കൽ.<br>• നാടൻപാട്ടുകൾ ശേഖരണം — അവതരണം<br>• പ്രാദേശിക ഉത്സവങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തൽ.<br>• പ്രാദേശിക ആഘോഷങ്ങൾ ഉൾപ്പെടുത്തി പ്രസംഗം തയ്യാറാക്കൽ.<br>• പ്രാദേശിക കളിപ്പാട്ട നിർമ്മാണം. | III & IV | October December<br>ജനുവരി-മാർച്ച് | അധ്യാപിക<br>H.M.<br>രക്ഷിതാവ്. | |
| | സർഗാത്മക രചനകളിലേർപ്പെടൽ | • പാഠഭാഗവുമായിട്ടും അല്ലാതെയുമുള്ള രചനകളിലേർപ്പെടൽ. | | | | |

| | | | | | |
|---|---|---|---|---|---|
| | | ചെറുകളുടെ അവതരണം<br>മാസിക തയ്യാറാക്കൽ<br>• പി.ടി.എ.യിൽ അവതരണം<br>• ചോദ്യാവലി തയ്യാറാക്കൽ, അവതരണം | | | S.S.A fund. |
| അക്ഷരത്തെറ്റില്ലാതെ മികച്ചരീതിയിൽ എഴുതാനുള്ള കഴിവ് ആർജ്ജിക്കൽ. | | • പദങ്ങൾ ചേർത്ത് വാക്യനിർമ്മാണം<br>• ദിവസേനയുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കൽ, രേഖപ്പെടുത്തൽ | | ടീച്ചർ കമ്മിറ്റി | |
| മികച്ച വായനക്കാരാക്കുക | | • ലൈബ്രറി തയ്യാറാക്കൽ<br>• ആകർഷകമായ പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ<br>• ചിത്രം നോക്കി കഥ പറയൽ<br>• പത്രവായന<br>• മിനിലൈബ്രറി | ജൂൺ - മാർച്ച് | അധ്യാപിക കമ്മിറ്റി | PTA |

| | | | | | | |
|---|---|---|---|---|---|---|
| | · അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ. | · ആശയഗ്രഹണ വായന ഉറപ്പിക്കൽ.<br>· അക്ഷരക്കാർഡുകൾ<br>· വായനാകാർഡുകൾ<br>· പദക്കാർഡുകൾ<br>· ആദ്യത്തെ മണിയടിക്കാം.<br>· വരികൾ കൂട്ടിച്ചേർക്കാം<br>· Clicks പ്രവർത്തനങ്ങൾ<br>· വർക്ക്ഷീറ്റുകൾ | 1st & 11nd | June - August | അദ്ധ്യാപിക<br>രക്ഷിതാവ്<br>PTA - | |

## പ്രയോജനങ്ങൾ — പരിസര പഠനം

- ശാസ്ത്ര കഥകൾ, ശാസ്ത്രകാരന്മാരോട്, ശാസ്ത്രജ്ഞൻമാരുടെ വിവര ശേഖരണം എന്നീ വിഷയങ്ങളിൽ കുട്ടികൾ കാണിക്കുന്ന താൽപര്യം
- കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠിക്കുന്ന കാര്യത്തിൽ കാണിക്കുന്ന ആവേശം
- കുട്ടികൾക്ക് നേരിട്ട് ലഭിക്കുന്ന അനുഭവങ്ങളുടെ കുറവ്.
- പ്രകൃതിയുടെ സവിശേഷതകൾ നേരിട്ടും അല്ലാതെയും മനസ്സിലാക്കാനുള്ള അവസരങ്ങളുടെ കുറവ്
- ശാസ്ത്ര വിഷയത്തോട് താല്പര്യം ജനിപ്പിക്കൽ
- സംസ്ഥാന പ്രത്യേകതകൾ കൃത്യതയോടെ തിരിച്ചറിയാനുള്ള മനോഭാവം വളർത്തൽ.
- നമ്മുടെ സംസ്ഥാനം, നമ്മുടെ രാജ്യം എന്ന ചിന്ത കുട്ടികളിൽ ഉറപ്പിക്കൽ
- മനോഭാവങ്ങൾ വളർത്തൽ
- പരിസരശുചിത്വം എന്റെ ഉത്തരവാദിത്തം എന്ന ആശയം ജനിപ്പിക്കൽ

പരിസര പഠനം.

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| 1. | ശാസ്ത്രവിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കൽ. | • ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കഥകൾ കേൾക്കാനും വായിക്കാനും അവസരങ്ങൾ.<br>• ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും പരീക്ഷണത്തിന്റെ നിരീക്ഷണക്കുറിപ്പുകൾ രേഖപ്പെടുത്തൽ.<br>• ശാസ്ത്രക്വിസ് സംഘടിപ്പിക്കൽ.<br>• ശാസ്ത്രീയ ചിന്തകളിൽ താല്പര്യം ജനിപ്പിക്കൽ.<br>• ശാസ്ത്രാഭിരുചിയും വളർത്തുന്ന രീതിയിൽ പഠിക്കു |  | ജൂൺ-<br><br>ജൂൺ-മാർച്ച് | അദ്ധ്യാപിക രക്ഷിതാവ്<br><br>അദ്ധ്യാപിക |  |

| | | | | |
|---|---|---|---|---|
| | കൊണ്ടെന്തുകൊണ്ട് എന്ന ചോദ്യനിർമ്മാണം<br>• സസ്യങ്ങളുടെ വിവിധവ ർച്ച്യാപ്പടങ്ങൾ ചിത്ര ചിത്രം ശേഖരിക്കൽ.<br>• അതുഷ്ഠയിൽ ഒരുപാർ ക്കണം. | | അധ്യാപിക | |
| ശാസ്ത്രമേള. | • ശാസ്ത്രകഥകൾ അടങ്ങിയ പുസ്തകങ്ങളുടെ ശേഖരണം<br>• ഭൂഗോളം, ഭൂപടങ്ങൾ, അറ്റ്ലസ്, ലോകത്തിലെ വിവിധതരം മണ്ണിനങ്ങൾ-തരം തെരിക്കുറിച്ച്.<br>• | | PTA-<br>P.T.A. | |

## പഠനപ്രശ്നങ്ങൾ — ഇംഗ്ലീഷ്

- കുട്ടികൾക്ക് ഇംഗ്ലീഷ് വിഷയത്തിലുള്ള താല്പര്യക്കുറവ്
- കുട്ടികൾക്ക് ദൈനംദിന ജീവിതത്തിൽ ഉണ്ടാകുന്ന ഇംഗ്ലീഷ്ഭാഷയുടെ അഭാവം
- ഒഴുക്കോടെ വായിക്കുന്നതിനും എഴുതുന്നതിനും എല്ലാ കുട്ടികൾക്കും കഴിയുന്നില്ല
- ഇംഗ്ലീഷ് കഥകൾ വായിക്കുന്നതിൽ താല്പര്യക്കുറവ്
- ഇംഗ്ലീഷ് പദസമ്പത്തുകൾ കുറവാണ്
- സ്വന്തമായി ആശയങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നില്ല

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| 1. | കുട്ടികളുടെ പദസമ്പത്ത് വർധിപ്പിക്കൽ | • ഇംഗ്ലീഷ് അക്ഷരങ്ങളിൽ തുടങ്ങുന്ന വാക്കുകൾ കണ്ടെത്തി എഴുതൽ<br>• പ്രാധാന്യനാഴ്ചയിൽ ഇംഗ്ലീഷ് അസംബ്ലി.<br>• ICT ഉപയോഗിച്ച് അക്ഷരങ്ങൾ ക്രമപ്പെടുത്തൽ<br>• ആഴ്ചയിൽ ഒരിക്കൽ ഇംഗ്ലീഷ് ബോലോ.<br>• പദങ്ങൾ വിപുലീകരിക്കൽ.<br>• വർക്ക് ബുക്കുകൾ<br>• ചെറിയ കഥാപുസ്തകങ്ങൾ വായന. | 1 to IV<br>,, | June to March. | അധ്യാപിക രക്ഷിതാവ്<br>IT അധ്യാപിക. | |
| 2. | സംഭാഷണരചന. | • Role play<br>• Actions (like police, teaches, doctos--) | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3. | കുട്ടികളുടെ ഉന്നവാരത്ത് വർദ്ധിപ്പിക്കുക | • പേര് എഴുതിയ ചിത്രങ്ങൾ<br>വ്യക്കൾ | 1 to IV | July | അധ്യാപിക | |
| | | • വാക്യങ്ങളെഴുതിയ ചിത്ര കാർഡുകൾ (മുറിച്ചത്) | | August - September | അധ്യാപിക | |
| | | • വരികൾ കൂട്ടിച്ചേർക്കാം<br>• അക്ഷരമരങ്ങൾ. | | November | അധ്യാപിക & രക്ഷിതാവ് | |
| | | • ചെറിയ വാക്കിൽ നിന്നും വലിയ വാക്യങ്ങളിലേക്ക്. | | December. | അധ്യാപിക PTA. | |
| | | • അനൗപചാരിക ആശയവിനിമയം ഇംഗ്ലീഷിൽ തന്നെ ചെയ്യുക.<br>• കഥകൾ കേട്ട് സ്വന്തം വാക്യങ്ങളിലെഴുതി അവതരിപ്പിക്കൽ<br>• സർഗാത്മക രചനകളിൽ ഏർപ്പെടൽ.<br>• ചെറിയ വിവരണങ്ങൾ നൽകി അവതരിപ്പിക്കൽ<br>• ചിത്രം വരച്ച് picture description തയ്യാറാക്കൽ. | | July to March | അധ്യാപിക & രക്ഷിതാവ് | |

## പ്രശ്നങ്ങൾ – അറബി ഭാഷ

- അറബി ഭാഷയിൽ കുട്ടികൾക്ക് സ്വന്തമായി വാക്യത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല
- അറബികഥകൾ വായിക്കാൻ പ്രയാസം നേരിടുന്നു
- അറബിഭാഷയിൽ സംഭാഷണം നടത്താൻ കഴിയുന്നില്ല

### അറബി

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമഗ്രികൾ / സ്രോതസ്സുകൾ |
|---|---|---|---|---|---|---|
| 1. | മുഴുവൻ കുട്ടികൾക്കും അറബി വാക്കുകൾ വഴി ക്കാൻ കഴിയണം | കവിതകൾ ഉം കഥകൾ പാട്ടുകൾ എഴുതി അത് വായിക്കൽ | LP | | അറബി അധ്യാപിക | |
| 2. | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുക | . വായനാകാർഡുകൾ നൽകൽ<br>. വായനാമത്സരം<br>. ചാർട്ട് നിർമാണം<br>. ചുമർപത്രിക നിർമിക്കൽ | | June to December | അധ്യാപിക | |

| | | | | | | |
|---|---|---|---|---|---|---|
| 3. | നല്ല ആസ്വാദകരാക്കുക. | • പാഠഭാഗ വായനയ്ക്കു ഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനു ആവിഷ്കരിക്കാനു അവസരസൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ | I, IInd IIIrd IVth | July-september | അധ്യാപിക രക്ഷിതാവ് | |
| | സർഗാത്മക പ്രവർത്തനങ്ങൾ | • ICT ഉപയോഗം<br>• അറബി ക്വിസ്, പോസ്റ്റർ രചന, പദനിർമാണം, word Hunting | | June to March | അധ്യാപിക<br>" | |
| | അറബിബോലനാ. | • ആഴ്ചയിൽ ഒരിക്കൽ അറബി ബോലനാ. | | | അധ്യാപിക, | |
| | ദിനാചരണങ്ങൾ | • പ്രത്യേക ദിവസങ്ങളിൽ അറബി ഭാഷയിലൂടെ ദിനാചരണ പ്രവർത്തനങ്ങൾ നടത്തൽ. | | | അധ്യാപിക രക്ഷിതാവ് | |

## വിഷയം – കായിക മേഖല

കുട്ടികളുടെ സാമൂഹികവും വൈകാരികവും ബൗദ്ധികവും ചാലകവുമായ വികസനത്തിനു യോജിച്ച പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം. കളികളിലൂടെ സഹകരണ മനോഭാവം വളർത്തണം. ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ ഇടപെടണം. നാടൻകളികൾ, സൂംബാ ഡാൻസ്, ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കണം. മാനസികോല്ലാസം വർധിപ്പിക്കുകയും മനോഭാവ ചിന്തയ്ക്ക് പ്രാധാന്യമുള്ളതുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. സാമൂഹിക മേഖലയിലേക്ക് കടന്നുചെന്ന് സ്കൂളും സമൂഹവും തമ്മിലുള്ള അകലം കുറച്ചുകൊണ്ടുവരണം. വിദ്യാർത്ഥികൾക്കും തുല്യ പരിഗണന അർഹിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തണം.

## ഭൗതിക മേഖല

- നിലവിൽ ഒരു ടോയ്‌ലറ്റ് നിർമ്മാണം ആവശ്യമായിട്ടുണ്ട്.
- മുൻകാലങ്ങളിൽ തീരുമാനിച്ച പ്രവർത്തനങ്ങൾ സ്കൂളിൽ നടത്തിക്കൊണ്ടുവരുന്നുണ്ട്
- ഭിന്നശേഷി സൗഹൃദ വിദ്യാലയമാക്കി ഉയർത്തണം.